# മലബാറിലെ വൈദ്യുതി വികസന ചരിത്രം

## ആമുഖം

1885 ൽ കൽക്കത്ത നഗരത്തിലാണ് ഇന്ത്യയിൽ ആദ്യമായി വൈദ്യുതി എത്തുന്നത്. ആദ്യത്തെ ജല വൈദ്യുത നിലയം ബംഗാളിലെ ഡാർജിലിംഗ് ജില്ലയിൽ സിദ്‌രാപോങ്ങ് എന്ന സ്ഥലത്ത് 1887 ൽ സ്ഥാപിക്കപ്പെട്ടു.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ കേരളത്തിലും വൈദ്യുതി എത്തിയിരുന്നു. മൂന്നാർ നദിയുടെ കരയിൽ 1900 ൽ കണ്ണൻദേവൻ കമ്പനി ആദ്യത്തെ പവർ ഹൗസ് സ്ഥാപിച്ചു. 1910 ൽ രണ്ടാമത്തെ പവർ ഹൗസും സ്ഥാപിച്ചു. ഇവ രണ്ടും ഇപ്പോഴില്ല. നാഗർകോവിൽ , തിരുവനന്തപുരം, കൊല്ലം, കോട്ടയം ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ പവർഹൗസുകൾ ഉണ്ടായിരുന്നു. 1927 ൽ തിരുവനന്തപുരത്ത് പഴവങ്ങാടിയിൽ പവർഹൗസ് പ്രവർത്തനം ആരംഭിച്ചു. എണ്ണ ഉപയോഗിച്ചാണ് ഇവിടങ്ങളിൽ ജനറേറ്റർ പ്രവർത്തിച്ചിരുന്നത്. മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ മേഖലയിൽ പാലക്കാട്, കോഴിക്കോട് നഗരങ്ങളിൽ 1928 ൽ വൈദ്യുതി എത്തി. കണ്ണൂർ, തലശ്ശേരി എന്നിവിടങ്ങളിൽ 1938 ലും, കാസർകോട്ട് 1949 ലുമാണ് വൈദ്യുതി എത്തുന്നത്. 1940 ൽ പള്ളിവാസൽ ജലവൈദ്യുത നിലയം കമ്മീഷൻ ചെയ്തു. 1947 ൽ സ്വാതന്ത്ര്യം നേടുമ്പോൾ കേരളത്തിലെ മൊത്തം സ്ഥാപന ശേഷി 15 മെഗാവാട്ട് ആയിരുന്നു. 1954 ൽ ചെങ്കുളം പദ്ധതി കമ്മീഷൻ ചെയ്തു. തിരുക്കൊച്ചിയും, മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ ജില്ലയും സൗത്ത് കാനറ ജില്ലയിലെ കാസർകോഡ് താലൂക്കും സംയോജിപ്പിച്ച് 1956 നവംബർ 1ന് കേരള സംസ്ഥാനം രൂപംകൊണ്ടു. അപ്പോഴുള്ള സ്ഥാപിത ശേഷി 85.5 മെഗാവാട്ട് ആയിരുന്നു. പൊരിങ്ങൽകുത്ത് നിലയത്തിലെ ഒന്നാമത്തെ ജനറേറ്റർ 1957 മാർച്ച് 6 ന് പ്രവർത്തനം ആരംഭിച്ചു. 31.03.1957 ഉച്ചയ്ക്ക് ശേഷം കെ.എസ്.ഇ.ബി പ്രവർത്തനം തുടങ്ങി. തുടർന്ന് 1961 ൽ നേരിയമംഗലവും 1963 ൽ പന്നിയാർ നിലയവും കമ്മിഷൻ ചെയ്തു. 1964 ൽ കേരളസംസ്ഥാനത്ത് വൈദ്യുത ഉത്പാദന ശേഷി 192.5 മെഗാവാട്ട് ആയി. മലബാർ മേഖലയിൽ വൈദ്യുത ഉത്പാദന നിലയങ്ങൾ ഒന്നും തന്നെയുണ്ടായിരുന്നില്ല. 1957 ലെ ഇ.എം.എസ് മന്ത്രി സഭയിലെ വൈദ്യുതി മന്ത്രിയായിരുന്ന വി.ആർ.കൃഷ്ണയ്യർ 1958 ൽ നിയമസഭയിൽ വെച്ച കേരളത്തിലെ ജലവിഭവങ്ങളെ സംബന്ധിച്ച റിപ്പോർട്ട് നമ്മുടെ സംസ്ഥാനത്തെ ജലവൈദ്യുതിയുടെ വികസനത്തിനുള്ള അടിസ്ഥാന രേഖയാണ്. മലബാർ മേഖലയിലെ ഉരക്കുഴി (കക്കയം), ബാരാപ്പോൾ, മാനന്തവാടി, സൈലന്റ് വാലി പദ്ധതി

കളുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നത് ഇതിനു ശേഷമാണ്.

കേരള സംസ്ഥാനം രൂപംകൊണ്ടതിനുശേഷവും വളരെക്കാലം മലബാറിലെ വൈദ്യുതി ആവശ്യങ്ങൾക്ക് മദ്രാസ് സംസ്ഥാനത്തെയാണ് ആശ്രയിച്ചിരുന്നത്. അതിനാൽ മലബാറിലെ വൈദ്യുതി വികസനം കേരളത്തിന്റെ പൊതു ചരിത്രത്തിൽ നിന്നും മാറി പ്രത്യേകമായി പരിഗണിക്കേണ്ടതുണ്ട്. അതിനുള്ള ശ്രമത്തിന്റെ ഭാഗമായി 1964 വരെയുള്ള ചരിത്രമാണ് ഇവിടെ പരിശോധിക്കുന്നത്.

## പാലക്കാട്

വൈദ്യുതീകരണത്തിനുള്ള ശ്രമങ്ങൾ 1922 ൽ തുടങ്ങി. 1928 ആഗസ്ത് മാസത്തിൽ മാത്രമാണ് വൈദ്യുതി വിതരണം തുടങ്ങാൻ സാധിച്ചത്. തൃശിനാപ്പള്ളിക്കാരനായ എൻ.എൽ ശിവരാമയ്യർ ആയിരുന്നു ലൈസൻസി. പിന്നീട് പാലക്കാട് നഗരത്തിലെ പുകയില കച്ചവടക്കാരനായ എസ്.കെ. റാവുത്തറുടെ നേതൃത്വത്തിലുള്ള പാലക്കാട് ഇലക്ട്രിക് കോർപ്പറേഷൻ എന്ന കമ്പനിയുടെ പേരിലേക്ക് ഈ ലൈസൻസ് മാറ്റി. പൈക്കാറ സിസ്റ്റത്തിൽ നിന്നുള്ള വൈദ്യുതി 1933 ആഗസ്റ്റ് മാസം തൊട്ട് തന്നെ പാലക്കാട്ട് ലഭിച്ചുതുടങ്ങി. 1934 ഏപ്രിൽ 15 മുതലാണ് 24 മണിക്കൂറും തുടർച്ചയായ വൈദ്യുതി വിതരണം ആരംഭിച്ചത്. അതിനുമുമ്പ് രാവിലെ 6 മണി തൊട്ട് 10 മണിവരെ വൈദ്യുതി നൽകിയിരുന്നില്ല. പാലക്കാട്ട് വൈദ്യുത വിതരണം മുൻസിപ്പാലിറ്റിയെ ഏൽപ്പിക്കണം എന്ന മുറവിളി പല കോണുകളിൽ നിന്നും ഉയർന്നിരുന്നെങ്കിലും ഗവർമെന്റ് അത് നിരസിച്ചു. 01.04.1955 മുതൽ വൈദ്യുതി വിതരണം കമ്പനിയിൽ നിന്ന് ഗവർമെന്റ് നേരിട്ട് ഏറ്റെടുത്തു. എലപ്പുള്ളി, പാറ, കഞ്ചിക്കോട് എന്നീ വിടങ്ങളിൽ 1940 ൽ തന്നെ മദ്രാസ് ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റ് നേരിട്ട് വൈദ്യുതി വിതരണം നടത്തിയിരുന്നു. പറളിയിൽ വൈദ്യുതി എത്തുന്നത് 1952 ജനുവരിയിലാണ്. 1957 ൽ കെ.എസ്.ഇ.ബി രൂപീകൃതമാവുമ്പോൾ പാലക്കാട്ട് ടൗൺ, ആലത്തൂർ, കൊല്ലങ്കോട്, കൊടുവായൂർ, കഞ്ചിക്കോട്, കോട്ടായി, ഷൊർണൂർ എന്നീവിടങ്ങളിൽ വൈദ്യുതി എത്തിയിരുന്നു.

കെ.എസ്.ഇ.ബി രൂപീകൃതമായതിനുശേഷമാണ് വൈദ്യുതീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാകുന്നത്. 1964 ആകുമ്പോഴേക്കും, പ്രധാനപ്പെട്ട പ്രദേശങ്ങളിലെല്ലാം വൈദ്യുതി എത്തിയിരുന്നു. വിയ്യൂരിൽ നിന്നും ലൈൻ വലിച്ച് പാലക്കാട്ട് താൽക്കാലികമായി 66കെ.വി സബ്സ്റ്റേഷൻ കമ്മീഷൻ

ചെയ്തത് 1958 മാർച്ച് മാസത്തിലാണ് (1961 സെപ്തംബറിൽ സ്ഥിരമായി) ഷൊർണൂർ താല്ക്കാലിക സബ്ബ് സ്റ്റേഷൻ നിലവിൽ വരുന്നത് 1961-62 ലാണ്. (1964 ആഗസ്റ്റിൽ സ്ഥിരമായി). വൈദ്യുത മന്ത്രിയായിരുന്ന വി.ആർ.കൃഷ്ണയ്യരുടെ പ്രത്യേക താല്പര്യപ്രകാരം മലബാർ മേഖലയിലെ ജലവൈദ്യുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ പെരിന്തൽമണ്ണയിൽ ഒരു ഹൈഡ്രോ ഇലക്ട്രിക് ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ 01.01.1958 ൽ പ്രവർത്തനം ആരംഭിച്ചു. സൈലന്റ് വാലി, ഉരക്കുഴി, ബാരാപോൾ, മാനന്തവാടി പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ഈ ഡിവിഷനു കീഴിലാക്കി.

## കോഴിക്കോട്

കോഴിക്കോട് നഗരത്തിൽ വൈദ്യുതി എത്തിക്കാനുള്ള ശ്രമങ്ങൾ തുടങ്ങുന്നത് 1923 ലാണ് മലയാള നോവൽ ഇന്ദുലേഖയുടെ രചയിതാവ് ഒയ്യാരത്ത് ചന്തുമേനോന്റെ മകനായ കെ.സി. മേനോൻ (കാഞ്ഞോളി വീട്ടിൽ ചന്തുമോനോൻ) 1927 ഡിസംബറിൽ ഇതിനായി ലൈസൻസ് സമ്പാദിച്ചു. 1928 സെപ്തംബറിൽ തന്നെ വൈദ്യുതി വിതരണം ആരംഭിച്ചു. കല്ലായിലായിരുന്നു പവർ ഹൗസ്. കമ്പനിയുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് വിവിധ കോണുകളിൽ നിന്നും പരാതി ഗവർമെന്റിന് ലഭിച്ചു. മുൻസിപ്പാലിറ്റിക്കകത്ത് വൈദ്യുതി വിതരണം നടത്താൻ തയ്യാറാണെന്ന് കാണിച്ച് 24.11.1932 ൽ കോർപ്പറേഷൻ കൗൺസിൽ പ്രമേയം പാസാക്കി  ഗവർമെന്റിന് അയച്ചുകൊടുത്തു. മലബാർ ചേംബർ ഓഫ് കൊമേഴ്സും ഇത്തരത്തിൽ ആവശ്യപ്പെട്ട് ഗവൺമെന്റിലേക്ക് കത്തെഴുതിയിരുന്നു. 1934 ജനുവരിയിൽ കോഴിക്കോട് വൈദ്യുതി വിതരണം ചെയ്യാനുള്ള ലൈസൻസ് വെസ്റ്റ് കോസ്റ്റ് ഇലക്ട്രിക്കൽ സപ്ലൈ കോർപ്പറേഷൻ നൽകിക്കൊണ്ടുള്ളു  ഗവൺമെന്റ് ഉത്തരവ് ഇറങ്ങി. 1934 ജനുവരി 6 ന് കോഴിക്കോട് ടൗൺഹാളിൽ ചേർന്ന പൊതുയോഗത്തിൽ കാലിക്കറ്റ് ഇലക്ട്രിക് ലൈസൻസ് ഒരു സ്വകാര്യ കമ്പനിക്ക് കൈമാറുന്നതിനെതിരെ പ്രമേയം പാസാക്കി ഗവർമെന്റിന് അയച്ചു കൊടുത്തു. കോഴിക്കോട് ലൈസൻസിയുടെ പ്രവർത്തനം 1934 ഫെബ്രുവരിയിൽ വെസ്റ്റ് കോസ്റ്റ് കമ്പനി ഏറ്റെടുത്തു. കല്ലായ് റെയിൽവേ സ്റ്റേഷന്റെ 12 മൈൽ റേഡിയസിൽ ഉള്ള പ്രദേശങ്ങൾ ലൈസൻസിയുടെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 1934 സെപ്തംബറിൽ ഗവർമെന്റ് ഉത്തരവ് ഇറക്കി. മദ്രാസ് സംസ്ഥാനത്തെ നീലഗിരി ജില്ലയിലെ പൈക്കാറ ജലവൈദ്യുതി നിലയത്തിൽ നിന്നുള്ള ലൈൻ വയനാട്ടിലെ കൂത്തുമുണ്ട വഴി മാങ്കാവ് സബ്ബ്സ്റ്റേഷനിൽ എത്തിച്ച് 1946 ഏപ്രിലിൽ കമ്മിഷൻ

ചെയ്തു. അന്നുമുതൽ ലൈസൻസിയുടെ ജനറേറ്ററുകളുടെ പ്രവർത്തനം നിർത്തി. 1947 ൽ കോഴിക്കോട് ടൗണിലും, ഫറോക്ക് ടൗണിലും മാത്രമെ വൈദ്യുതി എത്തിയിരുന്നുള്ളൂ. 1952 ആകുമ്പോഴേക്കും നല്ലളം, ചെറുവണ്ണൂർ, മേരിക്കുന്ന് എന്നിവിടങ്ങളിൽ കൂടി വൈദ്യുതി എത്തി. 1957 ൽ കെ.എസ്.ഇ.ബി രൂപീകൃതമാവുമ്പോൾ ലൈസൻസി ഏരിയക്ക് പുറമെ വടകര, കൊയിലാണ്ടി, പയ്യോളി, ഇരിങ്ങൽ, കടലൂർ എന്നീ സെന്ററുകൾ വൈദ്യുതീകരിച്ചിരുന്നു. ഇന്നത്തെ വയനാട് ജില്ലയിൽപെട്ട മാനന്തവാടി, മേപ്പാടി, കൽപ്പറ്റ, വൈത്തിരി, കൂത്തുമുണ്ട എന്നിവിടങ്ങളിലും വൈദ്യുതി എത്തിയിരുന്നു. കെ.എസ്.ഇ.ബി രൂപീകൃതമായിതിനുശേഷമാണ് വൈദ്യുതീകരണം ഊർജ്ജിതമായി നടന്നത്. 1964 ആകുമ്പോഴേക്കും പ്രധാന പ്രദേശങ്ങളിലെല്ലാം വൈദ്യുതി എത്തി.

1947 ൽ മാങ്കാവിൽ മാത്രമായിരുന്നു സബ്ബ് സ്റ്റേഷൻ ഉണ്ടായിരുന്നത്. 1962 ൽ നല്ലളം സബ്ബ് സ്റ്റേഷൻ നിലവിൽ വന്നു. വൈദ്യുതി മന്ത്രി വി.ആർ കൃഷ്ണയ്യരുടെ പ്രത്യേക താല്പര്യപ്രകാരം കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ഏറ്റെടുത്തു. 1961 ൽ പദ്ധതിയുടെ പ്രൊജക്ട് റിപ്പോർട്ട് തയ്യാറായി. 1962 ൽ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി. 1963 ഒക്ടോബറിലാണ് കുറ്റ്യാടി പദ്ധതിക്ക് പ്ലാനിങ്ങ് കമ്മീഷൻ അനുമതി ലഭിച്ചത്. 1965 ജനുവരി 31 ന് കുറ്റ്യാടി ഡാമിന് തറക്കല്ലിട്ടു (മലബാറിലെ ആദ്യത്തെ വൈദ്യുതി നിലയമായ കുറ്റ്യാടി ജലവൈദ്യുതി നിലയം പിന്നീട് 30.09.1972 ൽ ജസ്റ്റിസ് വി. ആർ കൃഷ്ണയ്യർ രാഷ്ട്രത്തിന് സമർപ്പിച്ചു.) കോഴിക്കോട് വൈദ്യുതി വിതരണം നടത്തിയിരുന്ന വെസ്റ്റ് കോസ്റ്റ് കമ്പനി 01.08.1963 ൽ കെ.എസ്.ഇ.ബി ഏറ്റെടുത്തു. ഇതോടെ മലബാറിലെ വൈദ്യുതി വിതരണം പൂർണ്ണമായി കെ.എസ്.ഇ.ബി നിയന്ത്രണത്തിലായി.

## കണ്ണൂർ - തലശ്ശേരി

ഈ പ്രദേശങ്ങളിൽ വൈദ്യുതി ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള ലൈസൻസ് 1937 ജനുവരിയിൽ വെസ്റ്റ് കോസ്റ്റ് ഇലക്ട്രിക് സപ്ലൈ കോർപ്പറേഷന് അനുവദിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവായി. 1938 മാർച്ച് 30 ന് താൽക്കാലികമായി വൈദ്യുതി വിതരണം തുടങ്ങി. കണ്ണൂരിലായിരുന്നു പവർ ഹൗസ്. തലശ്ശേരിയിൽ വെച്ച് നടന്ന ചടങ്ങിൽ ജില്ലാജഡ്ജിയാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. സ്ഥിരമായ വൈദ്യുതി വിതരണം തുടങ്ങുന്നത് 15.04.1938 ലാണ്. വൈദ്യുതി വിതരണത്തിനുള്ള ലൈസൻസ് മുൻസിപ്പാലിറ്റിയെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ട് തലശ്ശേരി മുൻസിപ്പൽ ചെയർമാനും, മെമ്പർമാരും ഒപ്പിട്ട നിവേദനം 1946 ഒക്ടോബറിൽ മദ്രാസ് ഗവൺമെന്റിന് നൽകിയെങ്കിലും 2

മുൻസിപ്പൽ പ്രദേശങ്ങൾ ഉൾപ്പെടുന്ന പ്രദേശമായതിനാൽ ഗവൺമെന്റിന് മാത്രമെ ഇത് ഏറ്റെടുക്കാൻ കഴിയൂ എന്ന മറുപടിയാണ് ലഭിച്ചത്.

പൈക്കാറ ജലവൈദ്യുത നിലയത്തിൽ നിന്നുള്ള വൈദ്യുതി എത്തിക്കുന്ന ലൈൻ ചൊവ്വാ സബ്ബ് സ്റ്റേഷനിൽ എത്തിച്ച് 1947 മെയ് 22 ന് ചാർജ്ജ് ചെയ്തു. ഇതിനുശേഷം ലൈസൻസിയുടെ ജനറേറ്ററുടെ പ്രവർത്തനം നിർത്തി. 1947 ൽ ലൈസൻസിയുടെ കീഴിൽ കണ്ണൂർ, ചൊവ്വ, കണ്ടോൺമെന്റ്, പള്ളിക്കുന്ന്, വളപട്ടണം, പാപ്പിനിശ്ശേരി, തലശ്ശേരി എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിരുന്നു. 1957 മാർച്ച് 30 ന് കണ്ണൂർ ലൈസൻസ് ഗവൺമെന്റിൽ നിക്ഷിപ്തമാക്കി ഉത്തരവ് ഇറങ്ങി. ധർമ്മടം, മുഴപ്പിലങ്ങാട്, ചിറക്കൽ, എരഞ്ഞോളി, തോട്ടട, അഴീക്കൽ, കൊളശ്ശേരി, മുണ്ടയാട് എന്നിവിടങ്ങളിൽ ഇതിനകം വൈദ്യുതി എത്തിയിരുന്നു. വ്യാപകമായ വൈദ്യുതീകരണം നടന്നത് കെ.എസ്. ഇ.ബി രൂപീകൃതമായതിനുശേഷമാണ്. ബാരാപോൾ, മാനന്തവാടി എന്നീ ജല വൈദ്യുതി പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ 57-58 കാലഘട്ടത്തിലാണ് ആരംഭിച്ചത്.

## കാസർഗോഡ്

കാസർഗോഡ് പഞ്ചായത്ത് പരിധിക്കുള്ളിൽ വൈദ്യുതി ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് 1948 ജൂൺ മാസത്തിൽ കാനറ സിറാമിക്സ് എന്ന കമ്പനിക്ക് ഗവൺമെന്റ് അനുമതി നൽകി. 30.07.1949 ൽ വൈദ്യുതി വിതരണം ആരംഭിച്ചു. 18 മണിക്കൂർ മാത്രമായിരുന്നു വൈദ്യുതി വിതരണം നടത്തിയിരുന്നത്. 24 മണിക്കൂർ തുടർച്ചയായി വൈദ്യുതി വിതരണം നടത്താൻ തുടങ്ങിയത് 18.01.1951 മുതലാണ്. 1957 മാർച്ച് 31 ന് കാനറാസിറാമിക്സിന്റെ ലൈസൻസ് ഗവൺമെന്റിൽ നിക്ഷിപ്തമാക്കി ഉത്തരവായി. വ്യാപകമായ വൈദ്യുതീകരണം നടക്കുന്നത് ഇതിനുശേഷമാണ്.

## പൊന്നാനി

തിരൂർ, പൊന്നാനി എന്നിവിടങ്ങളിൽ വൈദ്യുതി ഉത്പാദിപ്പിച്ചു വിതരണം നടത്തുന്നതിനുള്ള ലൈസൻസ് ദാസ് എഞ്ചിനീയറിങ്ങ് കമ്പനി, പി.ഒ കല്ലായ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ ലഭിക്കുന്നത് 1940 മാർച്ച് മാസത്തിലാണ്. പിന്നീട് ഇത് കേരള ഇലക്ട്രിക്കൽ സപ്ലൈ കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് കൈമാറി. മുഴുവൻ ജോലികളും തീർക്കാതെ തിരൂർ ടൗണിൽ മാത്രമായി വൈദ്യുതി വിതരണം നടത്തുന്നതിന് കമ്പനി അനുവാദം ചോദിച്ചെങ്കിലും

ഗവർമെന്റ് അത് അനുവദിച്ചില്ല. രണ്ടാം ലോകമഹായുദ്ധം നടക്കുന്ന കാലമായ തിനാൽ യുദ്ധം അവസാനിച്ച് ഒരു നിശ്ചിത കാലയളവിനുള്ളിൽ ജോലികളെല്ലാം പൂർത്തീകരിച്ചതിനുശേഷംമാത്രം വൈദ്യുതി വിതരണം തുട ങ്ങിയാൽ മതിയെന്ന് 1942 സെപ്തംബറിൽ ഗവർമെന്റ് കമ്പനിക്ക് നിർദ്ദേശം നൽകി.

ഗവർമെന്റ് ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റ് നേരിട്ട് തന്നെ ഈ പ്രദേശങ്ങ ളിൽ വൈദ്യുതി എത്തിക്കാനുള്ള ശ്രമങ്ങൾ നടത്തണമെന്ന ആവശ്യം ജന ങ്ങൾക്കിടയിൽ ശക്തമായി. ഇതനുസരിച്ച് തിരൂർ, പൊന്നാനി, പരപ്പനങ്ങാടി, തൃക്കുളം, തിരൂരങ്ങാടി, താനൂർ, തൃക്കണ്ടിയൂർ എടപ്പാൾ, എന്നീ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് 1950 ൽ ആഗസ്റ്റ് ഗവർമെന്റ് അംഗീകാരം നൽകി. മാങ്കാവിൽ നിന്നും 50 മൈൽ നീളം വരുന്ന ലൈനിന്റെ സർവ്വെ 1951 ൽ പൂർത്തിയായി. പണി പൂർത്തിയാകുന്നത് 1953 ലാണ്. തിരൂർ, താനൂർ, പരപ്പനങ്ങാടി, മുന്നിയൂർ, പൊന്നാനി എന്നിവിടങ്ങൾ വൈദ്യുതീകരി ച്ചു. നിലമ്പൂർക്കുള്ള ലൈൻ നീട്ടുന്ന ജോലി 1952 ആഗസ്റ്റിൽ പൂർത്തിയായി. ഉപ്പട്ടിയിൽ നിന്നും 11 കെ.വി ലൈൻ വഴിയാണ് ഇവിടെ വൈദ്യുതി എത്തിച്ചത്. ഇന്നത്തെ മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട മറ്റു സ്ഥലങ്ങളിൽ 1957 ൽ കെ.എ സ്.ഇ.ബി രൂപീകൃതമായതിനുശേഷമാണ് വൈദ്യുതി എത്തുന്നത്.

## കെ.എസ്.ഇ.ബി

മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർജില്ലയും സൗത്ത് കാനറാ ജില്ലയിലെ കാസർകോട് താലൂക്കും നേരത്തെ മാംഗ്ളൂർ, ഊട്ടക്കമണ്ട്, കോയമ്പത്തൂർ എന്നീ ഡിവിഷനുകളുടെ കീഴിലായിരുന്നു. സംസ്ഥാന പുന സംഘടനയ്ക്ക് ഏതാനും ദിവസങ്ങൾക്ക് മുമ്പ് മലബാറും കാസർകോഡും കോഴിക്കോട് ആസ്ഥാനമായി പുതിയ ഡിവിഷൻ രൂപീകരിച്ച് അതിന് കീഴിൽ കൊണ്ടുവ ന്നു. 1957 മാർച്ച് 30 ന് കണ്ണൂർ ലൈസൻസിയേയും, തൊട്ടടുത്ത ദിവസം കാസർകോഡ് ലൈസൻസിയേയും ഏറ്റെടുത്ത് ആ പ്രദേശങ്ങളെല്ലാം കോഴിക്കോട് ഡിവിഷന്റെ പരിധിയിലാക്കി. 31.03.1957 ഉച്ചയ്ക്ക് ശേഷമാണ് കെ. എസ്.ഇ.ബി പ്രവർത്തനം ആരംഭിക്കുന്നത്. മലബാറിലെ വൈദ്യുതിവികസനം ലക്ഷ്യമിട്ട് 03.05.1957 ൽ കോഴിക്കോട് ആസ്ഥാനമായി ഒരു പുതിയ ഇലക്ട്രിക് സർക്കിൾ രൂപീകരിച്ചു. നിലവിലുള്ള കോഴിക്കോട് ഡിവിഷനു പുറമെ പുതു തായി രൂപീകരിച്ച പാലക്കാട് കൺസ്ട്രക്ഷൻ ഡിവിഷൻ, കണ്ണൂർ ഡിവിഷൻ എന്നിവയായിരുന്നു കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിൽ വരുന്ന ഓഫീസുകൾ. മലബാർ മേഖലയിലെ ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റി

ഗേഷൻ ജോലികൾക്കായി പെരിന്തൽമണ്ണ ആസ്ഥാനമായി ഒരു സിവിൽ ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ രൂപീകരിച്ചു. മദ്രാസ് ഗവർമെന്റിൽ നിന്നും ട്രാൻസ്ഫർ ചെയ്യപ്പെട്ട ഒരു ഇലക്ട്രിക്കൽ റവന്യൂ യൂണിറ്റ് നേരത്തെ മുതൽ തന്നെ കോഴിക്കോട് പ്രവർത്തിക്കുന്നുണ്ടായിരുന്നു. തിരുകൊച്ചി മേഖലയിൽ നിന്നും മലബാർ മേഖലയിലേക്ക് ട്രാൻസ്മിഷൻ ലൈനുകൾ ഇല്ലാതിരുന്നതു കൊണ്ട് മലബാർ മേഖലയിലേക്കുള്ള വൈദ്യുതി മദ്രാസ് സംസ്ഥാനത്തെ പൈക്കാറ സിസ്റ്റത്തിൽ നിന്നും തുടർന്നും വാങ്ങേണ്ടി വന്നു. മദ്രാസ് സംസ്ഥാനത്തെ ഉപ്പട്ടിയിൽ നിന്നുമുള്ള 66 കെ.വി ലൈനിലൂടെ കൂത്തുമുണ്ട, മാങ്കാവ്, ചൊവ്വ, മാനന്തവാടി സബ്ബ് സ്റ്റേഷൻ വഴിയും ഉപ്പട്ടിയിൽ നിന്ന് നില മ്പൂർക്കുള്ള 11 കെ. വി ലൈൻ വഴിയും മധുക്കരയിൽ നിന്നും പാലക്കാട്ടേ ക്കുള്ള 22 കെ.വി ലൈൻ വഴിയുമായിരുന്നു ഇത്. മദ്രാസ് സംസ്ഥാനത്തെ വൈദ്യുതി നില അനുദിനം രൂക്ഷമായി വന്നതിനെത്തുടർന്ന് പാലക്കാട്ടേക്കും സമീപ പ്രദേശങ്ങളിലേക്കുമുള്ള വൈദ്യുതി കേരള ഗ്രിഡ്ഡിൽ നിന്നും നൽകണ മെന്ന് അവർ ആവശ്യപ്പെട്ടു. വിയ്യൂരിൽ നിന്ന് പാലക്കാട്ടേക്ക് 66 കെ. വി ലൈൻ വലിച്ച് പാലക്കാട്ട് ഒരു താൽക്കാലിക സബ്ബ് സ്റ്റേഷൻ സ്ഥാപിക്കു കയും 1958 മാർച്ച് 15 മുതൽ പാലക്കാട് മേഖലയിലേക്കുള്ള വൈദ്യുതി പെരി ങ്ങൽകുത്ത് നിലയത്തിൽ നിന്നും നൽകാൻ ആരംഭിച്ചു. ഈ നിലയത്തിൽ നിന്നുള്ള സപ്ലൈ കോഴിക്കോട്ട് എത്തുന്നത് 1962 ലാണ്. ചാലക്കുടിയിൽ നിന്നും ഷൊർണൂർ വഴി നല്ലളം സബ് സ്റ്റേഷനിലേക്കുള്ള ലൈൻ കമ്മിഷൻ ചെയ്തതോടെയാണ് ഇത് സാധ്യമായത്. 1964 ൽ മാങ്കാവ്, നല്ലളം, ചൊവ്വ, കൂത്തുമുണ്ട, മാനന്തവാടി, പാലക്കാട്, ഷൊർണൂർ എന്നിവിടങ്ങളിലായിരുന്നു മലബാർ മേഖലയിൽ സബ്ബ് സ്റ്റേഷനുകൾ ഉണ്ടായിരുന്നത്. ഉത്പാദനനിലയ ങ്ങളൊന്നും ഈ മേഖലയിൽ ഉണ്ടായിരുന്നില്ല. മദ്രാസ് സംസ്ഥാനത്തെ പൈക്കാറ, തൃശ്ശൂർ ജില്ലയിലെ പെരിങ്ങൽകുത്ത് എന്നീ ജലവൈദ്യുതി നിലയ ങ്ങളിൽ നിന്നായിരുന്നു ഇവിടെ വൈദ്യുതി എത്തിയിരുന്നത്. വിതരണ മേഖല യിൽ കോഴിക്കോട് സർക്കിളിന് കീഴിൽ പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ ഡിവിഷൻ ഓഫീസുകളും ഇവയ്ക്ക് കീഴിൽ 11 അസി. എഞ്ചിനീയർ ഓഫീസുകളും ഉണ്ടായിരുന്നു. പ്രസരണമേഖലയിൽ കോഴി ക്കോട്ട് ഒരു കൺസ്ട്രക്ഷൻ ഡിവിഷൻ ഓഫീസും, കണ്ണൂർ, കോഴിക്കോട് ഷൊർണൂർ എന്നിവിടങ്ങളിലായി 5 അസിസ്റ്റൻ എഞ്ചിനീയർ ഓഫീസും ഉണ്ടായിരുന്നു. സിവിൽ മേഖലയിൽ പെരിന്തൽമണ്ണയിൽ ഒരു ഇൻവെസ്റ്റിഗേ ഷൻ ഓഫീസും, മണ്ണാർക്കാട് ഒരു അസി. എഞ്ചിനീയർ ഓഫീസും ഉണ്ടായിരു ന്നു.

## ജനകീയ ഇടപെടലുകൾ

വയനാട്ടിൽ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നത് സംബന്ധിച്ച് മദ്രാസ് ലജിസ്ലേറ്റീവ് കൗൺസിൽ മെമ്പർമാരായിരുന്ന പി.എം. തങ്ങളും, ആർ.എം പാലാട്ടും 1934ലും 35 ലും ചോദ്യങ്ങൾ അവതരിപ്പിച്ചു. പൈക്കാറ സിസ്റ്റം പൂർണ്ണമായി ഉപയോഗിച്ചതിനു ശേഷം മാത്രമെ ഇത് പരിഗണിക്കാൻ കഴിയൂ എന്നായിരുന്നു ലഭിച്ച മറുപടി. 1937 ൽ ഇതേ ആവശ്യം ഉന്നയിച്ച് വൈത്തിരി പഞ്ചായത്ത് പ്രസിഡണ്ടും മെമ്പർമാരും ഒപ്പിട്ട നിവേദനം മദ്രാസ് ഗവൺമെന്റിന് നൽകി. 1932 ൽ കമ്മിഷൻ ചെയ്ത പൈക്കാറ സിസ്റ്റത്തിൽ നിന്നുള്ള വൈദ്യുതി മലബാറിലേക്ക് എത്തിക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ അക്കാലത്ത് തന്നെ മദ്രാസ് ഗവൺമെന്റിന് ലഭിച്ചിരുന്നെങ്കിലും മലബാറിൽ വേണ്ടത്ര ലോഡ് ഇല്ലാത്തതിനാൽ 40-41 കാലഘട്ടത്തിൽ മാത്രമെ ഈ ജോലി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുള്ളൂ എന്ന മറുപടിയാണ് ഗവൺമെന്റിൽ നിന്നും ലഭിച്ചത്. ഈ പ്രവർത്തിക്ക് 1939 ൽ എസ്റ്റിമേറ്റ് തയ്യാറാക്കി. എന്നാൽ 1939 ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതിനാൽ പൈക്കാറയിൽ നിന്നും മലബാറിലേക്ക് വൈദ്യുതി ലൈൻ നീട്ടുന്നതിനുള്ള ആലോചനകൾ ഉപേക്ഷിച്ചുകൊണ്ട് ഗവർമെന്റ് ഉത്തരവായി. കോഴിക്കോട്ടെയും, കണ്ണൂരിലെയും ലൈസൻസികൾക്ക് വൈദ്യുതി നൽകുന്നതിനുള്ള പെർമിറ്റിന് 1945 ജനുവരിയിൽ സെൻട്രൽ ഇലക്ട്രിക് പവർ കൺട്രോൾ ബോർഡിന്റെ അനുമതി ലഭിച്ചു. പൈക്കാറയിൽ നിന്നുള്ള സപ്ലൈ 10.04.1946 കോഴിക്കോട്ടും, 22.05.1947 കണ്ണൂരിലും എത്തി. 1939 ആഗസ്റ്റ് ൽ വൈദ്യുതി നിരക്ക് സംബന്ധിച്ച് എ. ചന്തു എം. എൽ. എ നിയമസഭയിൽ ചോദ്യം ഉന്നയിച്ചു. 1939 സെപ്തംബർ മുതൽ 1940 മാർച്ച് വരെ വൈദ്യുതി ഉപഭോക്താക്കളുടെ സമരം നടന്നു. മലബാറിലെ വൈദ്യുതീകരണ പ്രവർത്തികൾ സംബന്ധിച്ച് 1952 ജൂൺമാസത്തിൽ സി. കുഞ്ഞിരാമക്കുറുപ്പ് എം.എൽ.എ നിയമസഭയിൽ ചോദ്യം ഉന്നയിച്ചു. മലബാറിൽ നിലമ്പൂർ, തിരൂർ - പൊന്നാനി, പാലക്കാട് കൊല്ലങ്കോട് - ആലത്തൂർ ലൈൻ എക്സ്റ്റൻഷനുകൾക്ക് മാത്രമാണ് ഇതുവരെ ഗവൺമെന്റ് അനുമതി ലഭിച്ചതെന്നും, ഇതിൽ നിലമ്പൂരിലേക്കുള്ള ലൈൻ 1952 ജൂലായ് മാസം കമ്മിഷൻ ചെയ്യുമെന്നും മറുപടി ലഭിച്ചു. മേപ്പാടി, വൈത്തിരി, കൽപ്പറ്റ, സുൽത്താൻ ബത്തേരി ലൈൻ എക്സ്റ്റൻഷനുകൾ ഗവർമെന്റ് പരിഗണനയിൽ ആണെന്നും, കണ്ണൂർ-പയ്യന്നൂർ, തലശ്ശേരി - വടകര ലൈൻ എക്സ്റ്റൻഷനുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണെന്നും മറുപടിയിലുണ്ടായിരുന്നു. വടകരയിൽ വൈദ്യുതി എത്തിക്കണമെന്ന് ആവശ്യപ്പെട്ട് വടകര ഷിപ്പേഴ്സ് അസോസിയേഷൻ, വടകര മർച്ചന്റ്സ് അസോസിയേഷൻ

എന്നിവരുടെ അപേക്ഷ 1945 ൽ തന്നെ ഗവൺമെന്റിന് ലഭിച്ചു. 1948 ൽ ഇതിന്റെ സാധ്യതാപഠനം നടന്നു. ഈ ജോലി വളരെ പെട്ടെന്ന് തന്നെ പൂർത്തീകരിക്കണമെന്ന് വടകര പഞ്ചായത്ത് ബോർഡ് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. കടലുണ്ടി, മണ്ണൂർ പ്രദേശങ്ങൾ വൈദ്യുതീകരിക്കാനുള്ള ആവശ്യം 1951 കാലഘട്ടത്തിൽ ശക്തമായി ഉയർന്നുവന്നു. ദേശാഭിമാനി പത്രത്തിന് 7.5എച്ച്.പി ലോഡ് അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ എത്രയും വേഗം തീരുമാനമെടുക്കണമെന്നാവശ്യപ്പെട്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എം.എൽ മാരെല്ലാം ഒപ്പിട്ട നിവേദനം 1952 നവംബറിലും തുടർന്ന് ടി.സി. നാരായണൻ നമ്പ്യാർ എം. എൽ.എ യുടെ കത്ത് 1953 ജനുവരിയിലും പി.ഡബ്ല്യു.ഡി മന്ത്രിക്ക് നൽകി. കോഴിക്കോട്ട് ഒരു താപനിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് കെ.പി. ഗോപാലൻ എം.എൽ.എ നിയമസഭയിൽ ഉന്നയിച്ച ചോദ്യത്തിന് 1953 മാർച്ചിൽ നിഷേധ രൂപത്തിലുള്ള മറുപടിയാണ് ലഭിച്ചത്. മലയാള പ്രദേശ് കോൺഗ്രസ് കമ്മറ്റിയും, ഇതേ ആവശ്യം ഉന്നയിച്ച് പ്രമേയം പാസാക്കിയിരുന്നു. വൈത്തിരി പഞ്ചായത്തിൽ വൈദ്യുതി എത്തിക്കണമെന്ന് പഞ്ചായത്ത് ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഉരക്കുഴി വെള്ളച്ചാട്ടത്തിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്നത് സംബന്ധിച്ച ചോദ്യം വി.ആർ. കൃഷ്ണയ്യർ പി. കുഞ്ഞിരാമക്കിടാവ്, എം. നാരായണക്കുറുപ്പ് എന്നീ എം.എൽ.എ മാർ 1953 ൽ നിയമസഭയിൽ ഉന്നയിച്ചു. താമരശ്ശേരി വഴി കോഴിക്കോട്ടേക്ക് പോകുന്ന മെയിൽ ലൈനിൽ നിന്നും സപ്ലൈ എടുത്ത് ബാലുശ്ശേരി പഞ്ചായത്തിൽ വൈദ്യുതി എത്തിക്കണമെന്ന് ആവശ്യപ്പെട്ട് ബാലുശ്ശേരി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ ബാലകൃഷ്ണൻ 1953 ആഗസ്റ്റ് മാസം ഗവർമെന്റിലേക്ക് കത്തയച്ചു. ബാലുശ്ശേരി, താമരശ്ശേരി, കൊടുവള്ളി വില്ലേജുകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള സാധ്യതാ പഠനം 1950 മാർച്ച് മാസത്തിൽ നടന്നിരുന്നെങ്കിലും ലാഭകരമല്ലെന്ന് പറഞ്ഞ് ഉപേക്ഷിക്കുകയായിരുന്നു. ഉരക്കുഴി വെള്ളച്ചാട്ടത്തിൽ നിന്നും വൈദ്യുതി എത്തിക്കുന്നത് സംബന്ധിച്ച് ശ്രീ. ബാലകൃഷ്ണൻ 1954 ജൂലായ് മാസം മുഖ്യമന്ത്രിക്ക് കത്ത് നൽകി.

കോഴിക്കോട് ലൈസൻസിയുടെ നിലവിലുള്ള വൈദ്യുതി ക്വാട്ട ഉയർത്തണമെന്നാവശ്യപ്പെട്ട് മലബാർ ചേമ്പർ ഓഫ് കൊമേഴ്സ് 1953 നവംബറിൽ പ്രമേയം മൂലം ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. വടകരയിൽ ഉടൻ വൈദ്യുതി എത്തിക്കണമെന്ന് ആവശ്യപ്പെട്ട് നോർത്ത് മലബാർ ചേംബർ ഓഫ് കൊമേഴ്സ് 1953 ഡിസംബർ മാസത്തിൽ മുഖ്യമന്ത്രിക്ക് നിവേദനം നൽകി. വടകര, കൊയിലാണ്ടി പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നത് സംബന്ധിച്ച് വി.പി കുഞ്ഞിരാമക്കുറുപ്പ് എം. എൽ. എ 1953 ഡിസംബറിൽ പി.ഡബ്ല്യു.ഡി മന്ത്രിക്ക് എഴുതി.

തലശ്ശേരിയിൽ നിന്നും മാഹി വഴി ഈ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാനുള്ള എസ്റ്റിമേറ്റ് 1954 ഒക്ടോബറിൽ സാങ്ഷൻ ചെയ്തു.

കൂത്തുമുണ്ട സബ്ബ് സ്റ്റേഷനിൽ നിന്നും 5 മൈൽ മാത്രം അകലെയുള്ള മേപ്പാടി പഞ്ചായത്തിൽ വൈദ്യുതി എത്തിക്കാൻ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 1954 മാർച്ചിൽ പഞ്ചായത്ത് പ്രമേയം പാസാക്കി. 1952 ഡിസംബറിൽ ഇതിനുള്ള എസ്റ്റിമേറ്റ് പാസ്സാക്കിയിട്ടുണ്ടെന്നും, മുൻഗണനാക്രമം അനുസരിച്ച് ജോലി ഏറ്റെടുക്കണമെന്നും മറുപടി കിട്ടി. പേരാമ്പ്രയ്ക്കടുത്തുള്ള കായണ്ണ മീൻമുട്ടി വെള്ളച്ചാട്ടത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നത് സംബനധിച്ച് 1953 ജൂൺമാസത്തിൽ വി. ആർ കൃഷ്ണയ്യർ നിയമസഭയിൽ ചോദ്യം ഉന്നയിച്ചു. മീൻമുട്ടി വെള്ളച്ചാട്ടത്തിൽ നിന്ന് വളരെ ചെറിയ അളവിലുള്ള വൈദ്യുതിയേ ഉണ്ടാക്കാനേപറ്റൂ എന്നും, അതുൾപ്പെടുന്ന കുറ്റ്യാടി നദീതടത്തിൽ നിന്നും വളരെ കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സാധ്യത ഉള്ളതിനാൽ അത് സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻ ജോലികൾ മുൻഗണനാപ്രകാരം ഏറ്റെടുത്തു നടത്താനാണ് ഉദ്ദേശിക്കുന്നത് എന്നും ഗവൺമെന്റ് നൽകിയ മറുപടിയിൽ വ്യക്തമാക്കി.

പറളിയിൽ വൈദ്യുതി എത്തിക്കുന്നതിന് 1946 ൽ പഞ്ചായത്ത് ബോർഡ് അപേക്ഷ നൽകി. 1949 അവസാനത്തോടെ ഇതിനുള്ള സ്കീം അംഗീകരിച്ച് 1951 നവംബറിൽ പണി പൂർത്തിയാക്കുകയും 1952 ജനുവരിയിൽ കണക്ഷൻ നൽകാൻ ആരംഭിക്കുകയും ചെയ്തു. ഒറ്റപ്പാലം, ലക്കിടി, വാണിയംകുളം വില്ലേജുകൾ വൈദ്യൂതീകരിക്കുന്നത് സംബന്ധിച്ച് എം. നാരായണക്കുറുപ്പ് എം. എൽ. എ നിയമസഭയിൽ ചോദ്യം ഉന്നയിച്ചു. 1952 ഡിസംബറിൽ ഈ ജോലിയുടെ എസ്റ്റിമേറ്റ് ഗവൺമെന്റ് അംഗീകരിച്ചു. അലനല്ലൂരിൽ വൈദ്യുതി എത്തിക്കണമെന്ന് ആവശ്യപ്പെട്ട് പ്രദേശവാസികൾ 1951 ജനുവരിയിൽ പി.ഡബ്ല്യു.ഡി മന്ത്രിക്ക് നിവേദനം നൽകി. പൈക്കാറയിൽ നിന്നുള്ള വൈദ്യുതി ഉടനടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് വടക്കഞ്ചേരി പഞ്ചായത്ത് ബോർഡ് 1946 ഫെബ്രുവരിയിൽ പ്രമേയം പാസാക്കി. 1951 നവംബറിൽ ഈ കാര്യം വീണ്ടും ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച പരിശോധന 1952 നവംബറിൽ തന്നെ തുടങ്ങുമെന്ന് അറിയിപ്പുകിട്ടി. കാഞ്ഞിരപ്പുഴ ഹൈഡ്രോ ഇലക്ട്രിക് സ്കീം സംബന്ധിച്ച് എം. നാരായണക്കുറുപ്പ്, കെ.പി. ഗോപാലൻ എന്നീ എം. എൽ. എ മാർ 1953 ൽ നിയമസഭയിൽ ചോദ്യം ഉന്നയിച്ചു. മലബാറിൽ ഇപ്പോൾ ഒരു ജലവൈദ്യുതപദ്ധതിയുടെയും ഇൻവെസ്റ്റിഗേഷൻ ഏറ്റെടുത്തുനടത്തുന്നില്ലെന്നും, സർവ്വെ നടത്തി നല്ലതെന്ന് ഗവർമെന്റിന് തോന്നുന്ന പദ്ധതികൾ മാത്രമെ

ഇൻവെസ്റ്റിഗേഷൻ നടത്തുകയുള്ളൂവെന്നും മറുപടി ലഭിച്ചു. കുഴൽമന്ദത്ത് വൈദ്യുതി എത്തിക്കണമെന്ന ആവശ്യത്തെ തുടർന്ന് 1949 ഡിസംബറിൽ ഇതി നുള്ള പരിശോധന നടന്നു. കൂടുതൽ വൈദ്യുതി കണക്ഷനുകൾ ലഭ്യമല്ലാത്ത തിനാൽ ഏറ്റെടുക്കാൻ പറ്റില്ല എന്ന കാരണം പറഞ്ഞ് തുടർ നടപടികൾ നിർത്തി. പാലക്കാട് ലൈസൻസിയുടെ ഭാഗത്തുനിന്നുള്ള സഹായകരമല്ലാത്ത നിലപാടുകൾ ചൂണ്ടിക്കാട്ടിയും, കമ്പനി ഗവർമെന്റ് ഏറ്റെടുക്കണമെന്ന് ആവശ്യ പ്പെട്ടും പാലക്കാട് മുൻസിപ്പാലിറ്റി പലവട്ടം ഗവൺമെന്റിലേക്ക് കത്തയച്ചു. 1954 – 55 സാമ്പത്തിക വർഷം കമ്പനി ഏറ്റെടുക്കാൻ തീരുമാനിച്ചതായി ഗവർമെന്റ് അറിയിച്ചു. ആലത്തൂരിലേക്കുള്ള വൈദ്യുതി ലൈൻ നീട്ടുന്നത് സംബന്ധിച്ച് ആർ. കൃഷ്ണൻ എം.എൽ.എ 1953 ഡിസംബറിൽ നിയമസഭയിൽ ചോദ്യം ഉന്ന യിച്ചു. ജോലി അടുത്ത് തന്നെ തുടങ്ങുമെന്ന് പി.ഡബ്ല്യു.ഡി മന്ത്രി അറിയിച്ചു. ഷൊർണൂരിൽ നിന്ന് പട്ടാമ്പിയിലേക്ക് വൈദ്യുതി ലൈൻ നീട്ടണമെന്ന് ആവശ്യ പ്പെട്ട് 1954 ഏപ്രിലിൽ പഞ്ചായത്ത് ബോർഡ് പ്രമേയം പാസാക്കി മദ്രാസ് സംസ്ഥാന മുഖ്യമന്ത്രിക്ക് അയച്ചുകൊടുത്തു. ഒറ്റപ്പാലത്തേക്ക് വൈദ്യുതി എത്തിക്കുന്നത് സംബന്ധിച്ച് കെ.കെ. മുഹമ്മദ് ഷാഫി എം.എൽ.എ നിയമസഭ യിൽ ചോദ്യം ഉന്നയിച്ചു. ചിറ്റിലഞ്ചേരി പ്രദേശം വൈദ്യുതീകരിക്കുന്നതിന് പ്രദേശവാസികളുടെ ഒരു നിവേദനം പി.ഡബ്ല്യു.ഡി മന്ത്രിക്ക് നൽകി.

പരിയാരം ടി.ബി സാനിറ്റോറിയത്തിൽ വൈദ്യുതി എത്തിക്കുന്നത് സംബ ന്ധിച്ച് ടി.സി നാരായണൻ നമ്പ്യാർ എം. എൽ.എ 1952 ജൂണിൽ നിയമസഭയിൽ ചോദ്യം ഉന്നയിച്ചു. കണ്ണൂരിൽ നിന്നും വളപട്ടണം, തളിപ്പറമ്പ്, പയ്യന്നൂർ, പഴയ ങ്ങാടി, ഏഴിമല, തൃക്കരിപ്പൂർ വഴി സൗത്ത് കാനറാ ജില്ലയിലെ നീലേശ്വരം ഖാദി സെന്ററിലേക്ക് വലിക്കുന്ന ലൈനിൽ നിന്നും ഇത് നൽകാൻ സാധിക്കു മെന്ന് മറുപടി ലഭിച്ചു. കതിരൂരിലേക്ക് ലൈൻ നീട്ടണമെന്ന് 1948 ൽ തന്നെ പഞ്ചായത്ത് ബോർഡ് ആവശ്യപ്പെട്ടിരുന്നു. എരഞ്ഞോളിയിൽ നിന്നും രണ്ടര മൈൽ ലൈൻ നീട്ടേണ്ടത് കൊണ്ട് ഇത് ലാഭകരമാവില്ല എന്ന മറുപടിയാണ് ലൈസൻസിയുടെ ഭാഗത്ത് നിന്നും ഉണ്ടായത്. 24.11.1953 ന് ഇതെ ആവശ്യം ഉന്നയിച്ചുകൊണ്ട് പഞ്ചായത്ത് ഗവർണർക്കും കത്ത് നൽകി. കൂത്തുപറമ്പ്, കതിരൂർ പഞ്ചായത്തുകളിൽ വൈദ്യുതി എത്തിക്കുന്നത് സംബന്ധിച്ച് വി. ആർ.കൃഷ്ണയ്യർ എം. എൽ. എ നിയമസഭയിൽ ചോദ്യം ഉന്നയിച്ചു. കണ്ണൂരിൽ നിന്നും വടകര കൊയിലാണ്ടി പ്രദേശങ്ങൾ വൈദ്യുതീകരിക്കുന്നതിന് വേണ്ടി നിർദ്ദേശിച്ചിട്ടുള്ള ലൈൻ പൂർത്തീകരിച്ച ശേഷംമാത്രമെ കൂത്തുപറമ്പിലേക്കും, കതിരൂരിലേക്കും ലൈൻ നീട്ടാൻ കഴിയൂ എന്ന് 1953 നവംബർ മാസത്തിൽ അദ്ദേഹത്തിന് മറുപടി ലഭിച്ചു. കൂത്തുപറമ്പ് സബ്ബ് സ്റ്റേഷനും, തലശ്ശേരി സബ്ബ്

സ്റ്റേഷനും ഉടൻ അംഗീകാരം നൽകണമെന്നും റൂറൽ വെൽഫെയർ ഏരിയിലുള്ള സ്ഥലങ്ങളിൽ ഉടൻ വൈദ്യുതി എത്തിക്കുന്നതിന് ലൈസൻസിക്ക് നിർദ്ദേശം നൽകണമെന്നും 12.09.1952 ന് കൂത്തുപറമ്പിൽ ചേർന്ന ഡിസ്ട്രിക്ട് റൂറൽ വെൽഫെയർ കമ്മിറ്റി യോഗം ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. പയ്യന്നൂരിലേക്ക് വൈദ്യുതി എത്തിക്കാൻ ഉടനടി നടപടി വേണമെന്നും വടകര-കൊയിലാണ്ടി സ്കീം ഉടൻ തുടങ്ങണമെന്നും ലാഭകരമല്ല എന്ന കാരണത്താൽ മാറ്റിവെച്ച കൂത്തുപറമ്പ് സബ്ബ് സ്റ്റേഷൻ ജോലി ലാഭകരമാക്കാൻ വേണ്ടി വരുന്ന പണം റൂറൽ വെൽഫെയർ ഫണ്ടിൽ നിന്നും എടുത്തുകൊണ്ട് ഉടൻ സാങ്ഷൻ ചെയ്യണമെന്നും 19.11.1952 ൽ മലബാർ കലക്ടർ ഗവൺമെന്റിലേക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടു. കോട്ടയം താലൂക്ക് വൈദ്യുതീകരണം സംബന്ധിച്ച് 1954 ആഗസ്റ്റിൽ വി.ആർ.കൃഷ്ണയ്യർ എം.എൽ.എ പി.ഡബ്ല്യു.ഡി മന്ത്രിക്ക് കത്ത് നൽകി. വർഷങ്ങൾക്ക് മുമ്പ് സാങ്ഷൻ ചെയ്ത് ഇനിയും നടപ്പാക്കാൻ ബാക്കിയുള്ള സ്കീമുകളാണ് മുൻഗണനാ പട്ടികയിൽ മുന്നിൽ വരികയെന്നും എല്ലാ ജോലികളും അടിയന്തിരമായി ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമം നടത്തുമെന്നും ഗവൺമെന്റ് മറുപടിയിൽ സൂചിപ്പിച്ചു. കൂത്തുപറമ്പിൽ സബ്ബ് സ്റ്റേഷൻ സ്ഥാപിച്ച് പാനൂർ പഞ്ചായത്തിലേക്ക് വൈദ്യുതി എത്തിക്കണമെന്ന പ്രമേയം 22.07.1954 ൽ പാനൂർ പഞ്ചായത്ത് ബോർഡ് പാസ്സാക്കി. മാഹിയിലേക്ക് വൈദ്യുതി എത്തിക്കണമെന്ന് പോണ്ടിച്ചേരി ചീഫ് സെക്രട്ടറി മദ്രാസ് ഗവർമെന്റിനോട് ആവശ്യപ്പെട്ടു.

നിലമ്പൂരിൽ നിന്നും മഞ്ചേരി, വണ്ടൂർ, കൊണ്ടോട്ടി, മലപ്പുറം ഭാഗങ്ങളിലേക്ക് വൈദ്യുതി എത്തിക്കണമെന്ന് കെ. എം. സീതി എം.എൽ.എ 1952 ഒക്ടോബറിൽ പി.ഡബ്ല്യു.ഡി മന്ത്രിയോട് ആവശ്യപ്പെട്ടു. മലപ്പുറം, ക്ലാരി, കോട്ടക്കൽ, മഞ്ചേരി എന്നിവിടങ്ങളിൽ വൈദ്യുതീകരിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണെന്നും കൊണ്ടോട്ടിയിലേക്കുള്ള എസ്റ്റിമേറ്റ് പരിഗണനയിലാണെന്നും ലാഭകരമാണെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുമെന്നും വണ്ടൂരിലേക്ക് ലൈൻ നീട്ടുന്ന കാര്യം ആലോചനയിലാണെന്നും മറുപടി ലഭിച്ചു. 1953 -54 ലെ ബഡ്ജറ്റ് അലോക്കഷനിൽ വന്ന കുറവ് കണക്കിലെടുത്ത് പുതിയ സ്കീമുകൾ തയ്യാറാക്കുന്നത് വേഗത കുറച്ചിരിക്കയാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

1957 ലെ ഇ.എം.എസ് മന്ത്രി സഭയിൽ വൈദ്യുത മന്ത്രിയായിരുന്ന വി. ആർ. കൃഷ്ണയ്യർ കേരളത്തിലെ ജലവിഭവ ശേഷി പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിനുള്ള മാസ്റ്റർ പ്ലാൻ 1958 ൽ നിയമസഭയിൽ അവതരിപ്പിച്ചു. കേരള

ത്തിലെ ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച അടിസ്ഥാന പ്രമാണം ഈ രേഖയാണ്. സംസ്ഥാന രൂപീകരണ സമയത്ത് വൈദ്യുത ഉത്പാദന നിലയങ്ങൾ ഒന്നുമില്ലാതിരുന്ന മലബാർ മേഖലയിൽ ഉരക്കുഴി(കക്കയം), ബാരാപ്പോൾ, മാനന്തവാടി, സൈലന്റ് വാലി എന്നീ ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ ത്വരിതഗതിയിൽ നടന്നത് ഇതിനുശേഷമാണ്.

## തൊഴിലാളി പ്രസ്ഥാനങ്ങൾ

1947 ൽ കോഴിക്കോട്ടും, കണ്ണൂരും, തലശ്ശേരിയിലും വൈദ്യുതി വിതരണം നടത്തിയിരുന്ന വെസ്റ്റ് കോസ്റ്റ് ഇലക്ട്രിക് സപ്ലൈ കോർപറേഷനിൽ വെസ്റ്റ് കോസ്റ്റ് ഇലക്ട്രിക് സപ്ലൈ കോർപറേഷൻ വർക്കേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ 1947 ഫെബ്രുവരിയിൽ 12 ദിവസം നീണ്ടുനിന്ന പണിമുടക്ക് നടന്നു.(15.02.1947 മുതൽ 26.02.1947 വരെ) ജോലിഭാരം കുറയ്ക്കൽ, ശമ്പളവർദ്ധന, ലീവ് ആനുകൂല്യങ്ങൾ എന്നിവയായിരുന്നു പ്രധാന ആവശ്യങ്ങൾ. 1945 ലെ കരാർ തീരുമാനങ്ങൾ കമ്പനി നടപ്പാക്കിയില്ല എന്നതായിരുന്നു തൊഴിലാളികളുടെ പ്രധാന ആരോപണം. കെ.പി. കുട്ടിക്കൃഷ്ണൻനായരായിരുന്നു ഈ യൂണിയന്റെ പ്രസിഡണ്ട്. തൊഴിലാളികളും തൊഴിലുടമയും യോജിപ്പിൽ എത്താത്തതുകൊണ്ട് ഗവർമെന്റ് ഈ തർക്കം അഡ്ജുഡിക്കേഷന് വിട്ടു. ഉയർന്ന ബോണസ്സിനുവേണ്ടിയും, പകപോക്കൽ നടപടികൾക്കെതിരായും 1947 ജൂൺ മാസത്തിൽ വീണ്ടും തർക്കങ്ങൾ ഉയർന്നുവരികയും അതും അഡ്ജുഡിക്കേഷന് വിടുകയും ചെയ്തു. 1949 ജൂലായിൽ അഡ്ജുഡിക്കേഷൻ ഉത്തരവ് ഇറങ്ങിയതിൽ നേരിയ ശമ്പളവർദ്ധനവ് മാത്രമാണ് ലഭിച്ചത്. മറ്റ് ആവശ്യങ്ങളൊന്നും അംഗീകരിച്ചില്ല. ജോലിഭാരം കൂടുതലാണെന്നതിന് തെളിവ് നൽകാൻ പോലും ഒരാളും മുന്നോട്ട് വന്നില്ലെന്നും ഉത്തരവിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അവാർഡിന്റെ കാലാവധി ഒരു വർഷമായിരുന്നു. അപ്പലറ്റ് ട്രിബ്യൂണൽ രൂപീകരിച്ചിട്ടില്ലാത്തതിനാൽ അപ്പീൽ പോകാൻ സാധിക്കാതെ വരികയും അവാർഡ് സ്വീകരിക്കാൻ തൊഴിലാളികൾ നിർബന്ധിതരാകുകയും ചെയ്തു. അവാർഡിന്റെ കാലാവധി 19.06.1950 ന് അവസാനിച്ചതിനെത്തുടർന്ന് 1950 ആഗസ്റ്റിൽ പത്ത് ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മാനേജ്മെന്റിന് യൂണിയൻ കത്ത് നൽകിയെങ്കിലും, തൃപ്തികരമായ തീരുമാനമല്ല ലഭിച്ചത്. 1950 ഡിസംബർ 17 ന് മുതലക്കുളം മൈതാനിയിൽ വെച്ച് നടന്ന പൊതുയോഗത്തിൽ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന പ്രമേയം പാസാക്കി. ലേബർ കമ്മീഷണർ മീറ്റിങ്ങ് വിളിച്ചുവെങ്കിലും അക്കൗണ്ട് ഓഡിറ്റ് ചെയ്തില്ല തുടങ്ങിയ കാരണങ്ങൾ പറഞ്ഞ് തൊഴിലാളികളുടെ ആവശ്യങ്ങളിൽ തീരുമാനമെടുക്കാതെ നീട്ടിക്കൊ

ണ്ടുപോവുക എന്ന തന്ത്രമാണ് മാനേജ്മെന്റ് സ്വീകരിച്ചത്. 24.11.1951 രാവിലെ 8 മണി മുതൽ അനിശ്ചിതകാല പണിമുടക്ക് നടത്തുമെന്ന് കാണിച്ച് തൊഴിലാളികൾ പണിമുടക്ക് നോട്ടീസ് നൽകി. പണിമുടക്കിന് പൊതുജനങ്ങളുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് നോട്ടീസ്, പോസ്റ്റർ പ്രചരണം, പൊതുയോഗങ്ങൾ എന്നിവ നടത്തി. പണിമുടക്കിനെതിരായി 1951 നവംബർ 23 ലെ മാതൃഭൂമി പത്രത്തിൽ മാനേജ്മെന്റ് പരസ്യം നൽകി. ഗവർമെന്റ് ഈ തർക്കം കോയമ്പത്തൂർ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അഡ്ജുഡിക്കേഷന് വിട്ടു. ഇതെതുടർന്ന് തൊഴിലാളികൾ പണിമുടക്ക് നോട്ടീസ് പിൻവലിച്ചു. 1952 മെയ് മാസത്തിൽ അവാർഡ് വന്നപ്പോൾ തൊഴിലാളികൾക്ക് കാര്യമായ ഒരു നേട്ടവും കിട്ടിയില്ല. ഇതേതുടർന്ന് യൂണിയൻ മദ്രാസിലെ അപ്പലറ്റ് ട്രിബ്യൂണലിനെ സമീപിച്ചു. 1954 ജൂലായിൽ വിധി വന്നു. ഒരു ശമ്പളസ്കെയിലിൽ ചെറിയ വർദ്ധനവ് ലഭിച്ചത് ഒഴിച്ചാൽ മറ്റൊരു നേട്ടവും ഉണ്ടായില്ല.

കേരളസംസ്ഥാന വിദ്യുച്ഛക്തി ബോർഡ് രൂപീകൃതമാവുന്നത് 1957 ലാണ്. ആ വർഷം തന്നെ ട്രേഡ് യൂണിയൻ പ്രവർത്തനം ബോർഡിൽ ആരംഭിച്ചിട്ടുണ്ട്. വിവിധ കാറ്റഗറി സംഘടനകളായിരുന്നു അന്ന്. എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർ എക്സിക്യുട്ടീവ് എംപ്ലോയീസ് യൂണിയൻ എന്ന സംഘടന രുപീകരിച്ചു. മിനിസ്റ്റീരിയൽ വിഭാഗം ബിരുദധാരികൾ മിനിസ്റ്റീരിയൽ ഓഫീസേഴ്സ് യൂണിയൻ എന്ന പേരിലും, അല്ലാത്തവർ നോൺ എക്സിക്യൂട്ടീവ് എംപ്ലോയീസ് യൂണിയൻ, ടെക്നിക്കൽ & സെക്യൂരിറ്റി എംപ്ലോയീസ് യൂണിയൻ, ലാസ്റ്റ്ഗ്രേഡ് എംപ്ലോയീസ് യൂണിയൻ എന്നീ പേരുകളിലും സംഘടനകൾ രുപീകരിച്ച് പ്രവർത്തിച്ചു. വി.കെ.ഡീവർ, ടി.സി.എൻ മേനോൻ, പി.കെ. ഗോപാലകൃഷ്ണപ്പിള്ള, കെ.എൻ.ആലിക്കോയ എന്നിവർ എക്സിക്യൂട്ടീവ് എംപ്ലോയീസ് യൂണിയന് നേതൃത്വം നൽകി. അഡ്വ. എം.വി ജോസഫ്, പി. ബാലചന്ദ്രമേനോൻ എന്നിവരായിരുന്നു മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സംഘടനാ നേതാക്കൾ. ബോർഡ് രുപീകൃതമാവുമ്പോൾ ഇലക്ട്രിക്കൽ ഡിവിഷൻ, പൂർത്തിയായ പ്രൊജക്ടുകൾ എന്നിവ കേന്ദ്രീകരിച്ച് പണിയെടുത്തിരുന്ന എൻ.എം.ആർ ജീവനക്കാരെ ബോർഡിലേക്ക് മാറ്റിയിരുന്നു. അവർക്ക് യാതൊരു വിധ സേവന വേതന വ്യവസ്ഥയും ഉണ്ടായിരുന്നില്ല. 22 യൂണിയനുകളിലായി ഭിന്നിച്ച് കിടന്ന എൻ.എം.ആർ തൊഴിലാളികൾ മലബാർ ഭാഗത്ത് എം.കെ. കുഞ്ഞിരാമന്റെ നേതൃത്വത്തിൽ നോർത്ത് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് യൂണിയനായും, തിരുക്കൊച്ചി ഭാഗത്ത് കെ.പി.കോസലരാമദാസിന്റെ നേതൃത്വത്തിൽ കെ.എസ്.ബി വർക്കേഴ്സ് യൂണിയന്റെയും കീഴിൽ സംഘടിപ്പിച്ചു പ്രവർത്തിച്ചു. സിവിൽപ്രൊജക്ട് മേഖലയിലെ തൊഴിലാളികൾ

കെ.ടി.ജേക്കബ് പ്രസിഡണ്ടായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പ്രൊജക്ട് വർക്ക് എസ്റ്റാബ്ലിസ്മെന്റ് സ്റ്റാഫ് യൂണിയൻ രൂപീകരിച്ച് 1957 ൽ തന്നെ പ്രവർത്തനം ആരംഭിച്ചു. ദിവസക്കൂലിക്കാരെ (സി.എൽ.ആർ) സംഘടിപ്പിക്കാനുള്ള ശ്രമം 1964 ൽ ആരംഭിച്ചു. തുടർന്ന് 1965 ൽ കെ.ഐ.രാജൻ പ്രസിഡണ്ടും, ജോസ് എബ്രഹാം സെക്രട്ടറിയുമായി കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ രൂപീകരിച്ചു.

1958 ഏപ്രിലിൽ അന്നത്തെ വൈദ്യുതി മന്ത്രി വി.ആർ.കൃഷ്ണയ്യരുടെ സാന്നിധ്യത്തിൽ നടന്ന കോൺഫറൻസിൽ എൻ.എം.ആർ യൂണിയനുകൾ ഉന്നയിച്ച ഡിമാന്റുകളിൽ പലതിലും തീരുമാനമുണ്ടായി. 1958 ൽ മിക്കയുണിയനുകളും അവകാശപത്രികകൾ ബോർഡിന് നൽകിയിരുന്നു. അതുവരെ വിദ്യുച്ഛക്തി വകുപ്പിൽ എൻ.ജി.ഒ മാരായിരുന്നവരെ വ്യവസായ തൊഴിലാളികളായി അംഗീകരിക്കാൻ ബോർഡ് തയ്യാറായിരുന്നില്ല. യൂണിയനുകളെ കൂടിയാലോചനയ്ക്ക് വിളിക്കാൻപോലും ബോർഡ് അധികൃതർ തയ്യാറായിരുന്നില്ല. മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ എല്ലാവരും ചേർന്ന് സംയുക്ത സമര സമിതി ഉണ്ടാക്കി. 1958 ഡിസംബർ 15 ന് ഒരു ദിവസത്തെ സൂചനാപണിമുടക്കിന് ആഹ്വാനം നൽകി. എക്സിക്യൂട്ടീവ് എംപ്ലോയീസ് യൂണിയൻ അന്നേദിവസം തൊട്ട് തന്നെ അനിശ്ചിതകാല പണിമുടക്കും പ്രഖ്യാപിച്ചു. ഒടുവിൽ തൊഴിൽവകുപ്പ് ഇടപെട്ട് കൂടിയാലോചനകൾ നടത്തി. ബോർഡിന്റെ പ്രവർത്തനം വിലയിരുത്തി അവകാശപത്രികയിൽ തീരുമാനം ആകാം എന്നും ഒരുമാസത്തെ അടിസ്ഥാന ശമ്പളം അഡ്വാൻസായി നൽകാമെന്നുമുള്ള നിർദ്ദേശം ഗവർമെന്റ് മുന്നോട്ട് വെച്ചു. മിനിസ്റ്റീരിയൽ വിഭാഗം ഈ ഓഫർ സ്വീകരിച്ച് സൂചനാപണിമുടക്ക് വേണ്ടെന്നു വെച്ചു. എക്സിക്യൂട്ടീവ് എംപ്ലോയീസ് യൂണിയൻ ഈ ഓഫറിൽ തൃപ്തരാകാതെ പണിമുടക്കിൽ ഉറച്ചു നിന്നു. അവരുടെ അവകാശ പത്രിക ഗവർമെന്റ് നിർബന്ധ അഡ്ജുഡിക്കേഷന് വിട്ടു. അതിനാൽ അവർ പണിമുടക്കിൽ നിന്നും പിൻമാറി. വളരെ നാൾ കഴിഞ്ഞാണ് ട്രിബ്യൂണൽ വിധി വരുന്നത്. ഈ അവാർഡിനെതിരായി ബോർഡ് മാനേജ്മെന്റ് അപ്പീൽ പോയി. ട്രിബ്യൂണൽ വിധിക്കെതിരെ അപ്പീൽ പോയതിന്റെ ഔചിത്യത്തെക്കുറിച്ച് ശ്രീ. വി.കെ. കൃഷ്ണമേനോൻ അന്നത്തെ കേരളാ ഗവർണർ വി.വി. ഗിരിയുമായി ആശയവിനിമയം നടത്തി. തത്ഫലമായി കോടതിക്കു പുറത്തുണ്ടായ ധാരണ പ്രകാരം അവാർഡ് പൂർണ്ണ രൂപത്തിലല്ലെങ്കിലും നടപ്പാക്കാനായി ബോർഡ് ഉത്തരവ് ഇറങ്ങി.

എൻ.എം.ആർ തൊഴിലാളികൾ നടത്തിയ പ്രക്ഷോഭസമരങ്ങളെ തുടർന്ന് ലൈൻ ഹെൽപർ തസ്തികയിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നത് എൻ.എം.ആർ തൊഴിലാളികളിൽ നിന്നാകണമെന്ന തീരുമാനമുണ്ടായി. 193 പേരെ 58-59 സാമ്പത്തികവർഷം തന്നെ നിയമിച്ചു. എൻ.എം.ആർ കാരുടെ മിനിമം കൂലി ദിവസം 1 രൂപ 75 പൈസയിൽ നിന്ന് 2 രൂപ 20 പൈസയായി പുതുക്കിയതും, കോൺട്രിബ്യൂട്ടറി പ്രൊവിഡന്റ് ഫണ്ട് ബാധകമാക്കിയതും 1963-64 സാമ്പത്തികവർഷത്തിലാണ്. തിരുവനന്തപുരം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ വിധിയെതുടർന്ന് സ്ഥിരം തൊഴിലാളികൾക്ക് നൽകുന്ന നിരക്കിൽ പ്രൊജക്ട് അലവൻസും, ഇൻവെസ്റ്റിഗേഷൻ അലവൻസും 01.04.1964 മുതൽ എൻ.എം.ആർ തൊഴിലാളികൾക്ക് ലഭിച്ചു. 1964 ഡിസംബറിൽ എൻ.എം.ആർ തൊഴിലാളികൾ നടത്തിയ 13 ദിവസത്തെ പണിമുടക്കിനെ തുടർന്ന് അവരെ മാസശമ്പളക്കാരായി മാറ്റി. 2040 ഓളം പേർ ഇതിന്റെ ഗുണഭോക്താക്കളായി. 9 വെയ്ജ്ഗ്രൂപ്പുകളാക്കി ശമ്പള സ്കെയിൽ നിശ്ചയിച്ചുകൊണ്ടാണ് ഉത്തരവ് ഇറക്കിയത്.

1964 ൽ നിലവിലുണ്ടായിരുന്ന സംഘടനകളെല്ലാം കാറ്റഗറി സംഘടനകളായിരുന്നു. ഓരോരുത്തരുടെയും കാറ്റഗറിയുടെ താല്പര്യം മാത്രമാണ് അവർ കൈകാര്യം ചെയ്തത്. മറ്റു കാറ്റഗറികളുടെ താല്പര്യങ്ങളെ അവർ ശക്തമായി എതിർത്തു. പൊതു ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഒറ്റയ്ക്കോ, കൂട്ടായോ ഒരു പ്രക്ഷോഭണവും നടത്താൻ കാറ്റഗറി സംഘടനകൾ തയ്യാറായിരുന്നില്ല.